9115
24/7/15

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്--RIPMR ൽ Early Intervention Programme ആരംഭിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(സാധാ)നം.454 /2015/സാ.നീ.വ        തിരുവനന്തപുരം, തീയതി 23.7.2015

പരാമർശം-1. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 2.6.2015 ലെ R & D/19808/2015 നമ്പർ കത്ത്
2. 24.6.2015 തീയതിയിലെ സാമൂഹ്യനീതി വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം

## ഉത്തരവ്

തൃശ്ശൂർ ഇരിങ്ങാലക്കുടയിൽ പ്രവർത്തിക്കുന്ന Regional Institute of Physical Medicine and Rehabilitation ൽ 0-3 വയസ്സുവരെയുള്ള Developmental delay ഉള്ള കുട്ടികൾക്കു വേണ്ടി Early Intervention Programme ആരംഭിക്കണമെന്നും ഇതിലൂടെ 3 വയസ്സു വരെയുള്ള കുട്ടികളുടെ ശാരീരികവും മാനസികവുമായ വളർച്ചയ്ക്ക് തടസ്സം നിൽക്കുന്ന ഘടകങ്ങളെ കണ്ടു പിടിച്ച് അവയ്ക്ക് വേണ്ട ചികിത്സ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകാമെന്നും ടി പദ്ധതി നടപ്പാക്കുന്നതിന് 1,19,000/-രൂപ നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69(Plan) ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും പരാമർശം 1 പ്രകാരം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

പരാമർശം 2 പ്രകാരം സാമൂഹ്യനീതി വകുപ്പിന്റെ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് യോഗം ഇതിന് അംഗീകാരം നൽകി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും Regional Institute of Physical Medicine and Rehabilitation ൽ Early Intervention Programme ആരംഭിക്കുന്നതിന് 1,19,000/-രൂപ (ഒരു ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-101-69-(06) (Plan) എന്ന ശീർഷകത്തിൽ നിന്നും വഹിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ.ഷാജഹാൻ
സ്പെഷ്യൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
ഡയറക്ടർ, Regional Institute of Physical Medicine and Rehabilitation, ഇരിങ്ങാലക്കുട, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഓഡിറ്റ്/എ & ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ